ॐ



യത്ര യേനയതോ യസ്യ യസ്മൈ യദ്യദ്യഥാ യദാ
സ്യാദിദം ഭഗവാൻ സാക്ഷാത് പ്രധാനപുരുഷേശ്വര: (10-85-4)
അഹം യൂയമസാവാര്യ ഇമേ ച ദ്വാരകൌകസ:
സർവേfപ്യേവം യദു ശ്രേഷ്ഠ വിമൃശ്യാ: സചരാചരം (10-85-23)
ആത്മാ ഹ്യേക: സ്വയം ജ്യോതിർന്നത്യോfന്യോ നിർഗ്ഗുണോ ഗുണൈ:
ആത്മസൃഷ്ടൈസ്തത് കൃതേഷു ഭൂതേഷു ബഹുധേയതേ (10-85-24)

*ശുകമുനി തുടർന്നു:*
ഒരു ദിവസം പതിവുപോലെ കൃഷ്ണനും ബലരാമനും വസുദേവനെ വന്ദിക്കാൻ അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ ചെന്നു. താൻ സ്വന്തം പുത്രൻ എന്നു മാത്രം കരുതിയിരുന്ന കൃഷ്ണനെപ്പറ്റി നാരദമുനി പറഞ്ഞ ദിവ്യകാര്യങ്ങളും രാമകൃഷ്ണൻമാരെപ്പറ്റി മഹർഷിവര്യൻമാർ പാടിപുകഴ്ത്തിയ കീർത്തനങ്ങളും വസുദേവനോർത്തു. എന്നിട്ടിങ്ങിനെ പറഞ്ഞു.

“കൃഷ്ണാ! നീയാണ് സത്-ചിത്-ആനന്ദം. നീയാണ് ദ്രവ്യത്തിന്റെയും ഊർജ്ജത്തിന്റെയും നാഥൻ. നീയാണ് എവിടെയും എക്കാലത്തും സ്ഥിതി ചെയ്തിരുന്ന എന്തിന്റെയും പ്രഭു. ആരുടെ പ്രയത്നം കൊണ്ടായാലും എന്തു കാരണം കൊണ്ടായാലും ഇത് സത്യമത്രെ. അങ്ങു തന്നെ ഈ വിശ്വം സ്വയം ഉണ്ടാക്കി അതിലെ ആത്മാവും സത്തയുമായി. പ്രാണന്റെ പ്രാണൻ തന്നെ നീയാകുന്നു. നീ തന്നെ സൂര്യന്റെ വെളിച്ചവും നക്ഷത്രങ്ങളും മിന്നലുമെല്ലാം. മലനിരകളുടെ സംതുലനവും പഞ്ചഭൂതങ്ങളിലെ ഗുണങ്ങളും നീ. ഇന്ദ്രിയഗോചരങ്ങളായ വസ്തുക്കൾ, ഇന്ദ്രിയങ്ങൾ, അവയുടെ സംവേദനശക്തി എല്ലാം അവിടുന്നു മാത്രം. ഇന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന ചോദനകളെ ക്രമീകരിക്കുന്നതും ജീവികൾക്കുള്ള ബുദ്ധിയും നീ തന്നെ. നീയാണ് പഞ്ചഭൂതങ്ങളെ നിർമ്മിക്കുന്ന താമസാഹങ്കാരം. രാജസാഹങ്കാരഹേതുവായ ഇന്ദ്രിയങ്ങളും സാത്വീകാഹങ്കാരഹേതുവായ മനസ്സും നീയാണ്. സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഭൂതങ്ങളുടെയെല്ലാം കാര്യം കാരണത്തിലടങ്ങിയിരിക്കുന്നു. എന്നാൽ അഹേതുക ഹേതുവായതുകൊണ്ട് നീയെല്ലാ കാര്യങ്ങളിലും സ്ഥിതി ചെയ്യുന്നു. അതുകൊണ്ടു തന്നെ എല്ലാ സൃഷ്ടികളിലും. എന്നാൽ സത്യത്തിൽ അവ നിന്നിൽ പ്രകടമാവുന്നത് കാലഗതിക്കനുസരിച്ചു മാത്രം. കാരണം നീ ത്രിഗുണാതീതനും അതീന്ദ്രിയനും എല്ലാ ദ്രവ്യപരിണാമങ്ങൾക്കുമതീതനുമാവുന്നു. ഏതൊരാൾ നിന്റെ പരബ്രഹ്മഭാവം, അതീന്ദ്രിയത്വം, ത്രിഗുണസംഭവമായ അവതാരമഹത്വം എന്നിവയുടെ സൂക്ഷ്മതരമായ വ്യത്യാസങ്ങൾ മനസ്സിലാക്കുന്നില്ലയോ അയാൾ ജനനമരണചക്രത്തിന്റെ പിടിയിൽപ്പെട്ടു കഴിയുന്നു. നീയാണ് പുരുഷനും (ആത്മാവ്, ബോധം) പ്രകൃതിയും (ദ്രവ്യം). നീയാണ് വിശ്വത്തിന്റെ ദ്രവ്യപരവും ഊർജ്ജപരവുമായ കാരണം. കാണിയും കാഴ്ചയും നീ തന്നെ. എന്നാൽ നീ ഇവയ്ക്കെല്ലാം അതീതനുമത്രെ. നിന്റെ തന്നെ മായാശക്തിയാലാണ് ഞാൻ ദേഹബുദ്ധിക്കടിമപ്പെട്ട് നിന്നെ എന്റെ മകനായി മാത്രം കരുതിയത്. ഞാൻ നിന്നിലഭയം തേടുന്നു. ഈ സംസാരചക്രത്തിൽ നിന്നുള്ള മോചനമാർഗ്ഗം പറഞ്ഞു തന്നാലും.”

അഛൻ പറഞ്ഞ വാക്കുകൾ കേട്ട് കൃഷ്ണൻ വിനീതനായി മറുപടി പറഞ്ഞു. “ഞാൻ അവിടുത്തെ പുത്രൻ മാത്രമാണ്. അങ്ങ് ഇപ്പോൾ പറഞ്ഞതെല്ലാം എനിക്ക് പഠിക്കാനായാണെന്ന് ഞാനറിയുന്നു. അങ്ങും ഞാനും ദ്വാരകാവാസികളും ചരാചരവസ്തുക്കളും എല്ലാം സ്വയം പ്രഭയാർന്ന അനന്തമായ ത്രിഗുണങ്ങളാൽ മാറ്റമേതുമേശാത്ത ആത്മാവത്രെ. അത് നാനാവിധവസ്തുക്കളിൽ അതിനാൽ സൃഷ്ടിക്കപ്പെട്ടതുപോലെ പ്രകടമായി കാണപ്പെടുന്നു.” ഇതുകേട്ട് വസുദേവന് ആത്മജ്ഞാനം സിദ്ധിച്ചു.